**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **09-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആറാം ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുമായുള്ള ശിപാർശകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുകയും ലഭ്യമായ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് വസ്തു നികുതി 2023 ഏപ്രിൽ 1 മുതൽ വർദ്ധിപ്പിക്കുന്നതിനായുള്ള കരട് ശിപാർശ സർക്കാരിന്റെ പരിഗണനയിലുമാണ്.<br><br>01/06/2022-ലെ ജി.ഒ(എം.എസ്) 117/22/തസ്വഭവ പ്രകാരമുള്ള ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | വിനോദ സഞ്ചാരം ലക്ഷ്യമാക്കി കൂടുതൽ വരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അതതു പ്രദേശങ്ങളിലെ കലാരൂപങ്ങൾ, ഭക്ഷ്യ വിഭവങ്ങൾ, ഉല്പന്നങ്ങൾ എന്നിവ വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ നേതൃത്വത്തിൽ വിപണന മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ബ്രാൻഡുകൾ രൂപപ്പെടുത്തി വിപണനം<br><br>ശക്തിപ്പെടുത്തുന്ന നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | അതാത് പ്രദേശങ്ങളുടെ പ്രത്യേകതകൾക്ക് അനുസരിച്ച് ഫെസ്റ്റുകൾ സംഘടിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. വിപണന മേളകളും പ്രാദേശിക ഫെസ്റ്റുകളും, നൈറ്റ് ഷോപ്പിംഗ് ഫെസ്റ്റിവൽ, പുഷ്പോത്സവം, സാംസ്കാരികോത്സവങ്ങൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകൾ - ശിപാർശ No.30 (v) - സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(കൈ) നം.117/2022/LSGD    തീയതി,തിരുവനന്തപുരം, 01-06-2022

---

പരാമർശം:-
1. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ട്
2. 08/01/2021 ലെ ജി.ഒ(പി) നം. 6/2021/ഫിൻ. നമ്പർ ഉത്തരവ്
3. 17.09.2021 ലെ എംപവർഡ് കമ്മിറ്റിയുടെ യോഗതീരുമാനം.

**ഉത്തരവ്**

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ പരാമർശം ഒന്നിലെ റിപ്പോർട്ട് പരാമർശം 2 ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. ആയതിൽ ശിപാർശ നം. 30 (v) ന്റെ അടിസ്ഥാനത്തിൽ, സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണം.

2. എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

3. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.

4. പ്രാദേശിക സർക്കാരുകളുടെ റവന്യൂ വരവിന്റെയും കുടിശ്ശികയുടെയും വിശദാംശങ്ങൾ സംസ്ഥാന സർക്കാർ തയ്യാറാക്കി നിയമസഭയിൽ വയ്ക്കേണ്ടതാണ്.

5. പ്രാദേശിക സർക്കാരുകളുടെ വായ്പയെ സംബന്ധിച്ച ഡി.സി.ബി. പത്രിക തയ്യാറാക്കുകയും പ്രാദേശിക സർക്കാർ ഭരണസമിതി യോഗത്തിലും ഗ്രാമസഭകളിലും വാർഡ് കമ്മിറ്റികളിലും അവലോകനം നടത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി

ഡയറക്ടർ,എൽ.എസ്.ജി.ഡി (റൂറൽ)

ഡയറക്ടർ,എൽ.എസ്.ജി.ഡി (അർബൻ)

അക്കൗണ്ടന്റ് ജനറൽ (എ&ഇ /എൽ ബി എ & എ) കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/കൊച്ചി/കോഴിക്കോട്

ധനകാര്യ വകുപ്പ്

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്